(ഡി) പരീക്ഷ അടുത്ത സമയത്ത് റാങ്ക് ഫയൽ വിതരണം നടത്തിയിട്ടില്ല.

(ഇ) ഹൈക്കോടതി വിധി അനുസരിച്ച് നടപടി സ്വീകരിച്ചിരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷന്റെ രൂപീകരണം

*27 [57] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനം എടുത്തുവോ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാനത്ത് നിലവിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സംഘടനകളുമായി ചർച്ച നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഈ കമ്മീഷന്റെ ഘടന സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) കമ്മീഷനിൽ ഒരു ചെയർപേഴ്സണും രണ്ട് അംഗങ്ങളും ഉണ്ടായിരിക്കും. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച കാര്യങ്ങളിന്മേൽ പ്രത്യേക പരിജ്ഞാനമുള്ളവരിൽ നിന്നും ഒരാളെ ചെയർമാനായും മറ്റൊരാളെ അംഗമായും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പു സെക്രട്ടറി അനൗദ്യോഗികാംഗമായും, മെമ്പർ സെക്രട്ടറിയായും പ്രവർത്തിക്കുന്നതാണ്.

ട്രോളിംഗ് നിരോധനത്തിനുള്ള സംവിധാനങ്ങൾ

*28 [58] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏർപ്പെടുത്തിയിരിക്കുന്ന ട്രോളിംഗ് നിരോധനം ലംഘിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ബോട്ടുകൾക്കും വലകൾക്കുമാണ് ട്രോളിംഗ് നിരോധനം ബാധകമാക്കിയിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) നിരോധനം ഏർപ്പെടുത്തിയശേഷം ആയത് ലംഘിച്ച് മത്സ്യബന്ധനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ട്രോളിംഗ് നിരോധനം നിലനിൽക്കുമ്പോൾ നിരോധിത മേഖലയിൽ വിദേശ മത്സ്യബന്ധന ബോട്ടുകൾ നടത്തുന്ന മത്സ്യബന്ധനം തടയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ട്രോളിംഗ് നിരോധനം ലംഘിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം കടലിൽ റോന്തുചുറ്റി ജാഗ്രത പാലിക്കുന്നുണ്ട്. ട്രോളിംഗ് നിരോധനം ഫലപ്രദമാക്കാൻ സമുദ്രാതിർത്തിയുള്ള എല്ലാ ജില്ലകളിലേയും കളക്ടർമാർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥന്മാർ, പോലീസ്, കോസ്റ്റ് ഗാർഡ്, നേവി എന്നിവരുടെ സംയുക്ത പരിശ്രമവും നടത്തുന്നുണ്ട്.

(ബി) ബോട്ടം ട്രോളിംഗ് നടത്തുന്ന എല്ലാ വിഭാഗം ബോട്ടുകൾക്കും വലകൾക്കുമാണ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) ഇല്ല.

(ഡി) നിരോധിത മേഖലയിൽ കടൽ പെട്രോളിംഗ് കാര്യക്ഷമമായി നടത്തി വിദേശ മത്സ്യബന്ധന ബോട്ടുകൾ നിരോധിത മേഖലയിൽ പ്രവേശിക്കാതിരിക്കാനായി ജാഗ്രത പുലർത്തുന്നു.

വീടും തൊഴിലും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള സഹായങ്ങൾ

*29 [59] ശ്രീ. മത്തായി ചാക്കോ:
" കെ. വി. കുഞ്ഞിരാമൻ:
" സാജു പോൾ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ പ്രകൃതിക്ഷോഭങ്ങളാലും മറ്റു കാരണങ്ങളാലും മത്സ്യത്തൊഴിലാളികൾക്ക് വീടും തൊഴിലും നഷ്ടപ്പെട്ടിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വീടും തൊഴിലും നഷ്ടപ്പെട്ട് പട്ടിണിയിലായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച സഹായങ്ങൾ എല്ലാം ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഇവർക്ക് സൗജന്യ റേഷൻ നൽകുകയുണ്ടായോ;

(ഡി) പട്ടിണിയിലും പകർച്ചവ്യാധിയിലും പെട്ട കുടുംബങ്ങൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) പട്ടിണിയിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് എത്രയും പെട്ടെന്ന് ആശ്വാസമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്.

(ബി) ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly